**<u>15 -ാം കേരള നിയമസഭ</u>**

**<u>16 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1522</u>** **<u>03-02-2026 - ൽ മറുപടിയ്ക്ക്</u>**

**<u>വികസന സൗഹൃദ തൊഴിലിട സംസ്കാരം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ കെ വിജയൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനം പിന്തുടരുന്ന തൊഴിൽ നയം അസംഘടിതരും പാർശ്വവൽകൃതരുമായ തൊഴിലാളികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും മെച്ചപ്പെട്ട ജീവിത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും സഹായിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേരളത്തിലെ തൊഴിൽ നയങ്ങൾ അസംഘടിത മേഖലയിലെയും പാർശ്വ വൽക്കൃതരായ തൊഴിലാളികളെയും മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിൽ ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളിലായി വിവിധ തൊഴിൽ മേഖലകളിലെ തൊഴിലാളികൾക്ക് ക്ഷേമ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. തൊഴിലാളികൾക്ക് അവർ ജോലി ചെയ്യുന്ന തൊഴിൽ മേഖലകൾക്കനുസരിച്ച് വിവിധ ക്ഷേമനിധി ബോർഡുകൾ വഴി അംഗത്വം നൽകി അർഹതയ്ക്കനുസരിച്ച് പദ്ധതി പ്രകാരമുള്ള പെൻഷൻ, വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, വനിതാ അംഗങ്ങൾക്കുള്ള പ്രസവാനുകൂല്യം, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തരാനുകൂല്യം ഉൾപ്പെടെ വിവിധ ആനുകൂല്യങ്ങൾ നൽകി വരുന്നു. |
| (ബി) | എല്ലാ വിഭാഗത്തിലുമുള്ള തൊഴിലാളികൾക്കും ഉയർന്ന വേതനവും മറ്റു സാമൂഹിക സുരക്ഷാ പദ്ധതികളും ഉറപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | 1948 ലെ മിനിമം വേതന നിയമപ്രകാരമുള്ള ഷെഡ്യൂൾ എംപ്ലോയ്മെന്റ് ലിസ്റ്റിൽ ഉൾപ്പെട്ട 87 തൊഴിൽ മേഖലകളിലെ 85 തൊഴിൽ മേഖലകളിലും മിനിമം വേതനം വിജ്ഞാപനം ചെയ്തിട്ടുണ്ട്. കൂടാതെ, തൊഴിലാളികൾക്കുള്ള വേതനം ബാങ്ക് മുഖേന നൽകുന്നതിനും മിനിമം വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും ബാങ്ക് സ്റ്റേറ്റ്മെന്റുകൾ മോണിറ്റർ ചെയ്യുന്നതിനുമായി വേജ് പ്രൊട്ടക്ഷൻ സിസ്റ്റം തൊഴിൽ വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള എല്ലാ തൊഴിൽ മേഖലകൾ കേന്ദ്രീകരിച്ചും തൊഴിൽ വകുപ്പിലെ ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ നിശ്ചിത ഇടവേളകളിൽ സ്ക്വാഡ് പരിശോധനകളും അസിസ്റ്റന്റ് ലേബർ ഓഫീസർമാർ തങ്ങളുടെ അധികാര പരിധിയിൽ Routine സ്ഥാപന പരിശോധനകളും |

| | | | |
|---|---|---|---|
| | | | Centralised inspection system മുഖാന്തിരമുള്ള പരിശോധനകളും നടത്തി വരുന്നുണ്ട്. മിനിമം വേതനം ലഭിക്കാത്തതുമായി ബന്ധപ്പെട്ട് തൊഴിലുടമയ്ക്കെതിരായി തൊഴിലാളിക്ക് നേരിട്ടോ ബന്ധപ്പെട്ട ട്രേഡ് യൂണിയൻ മുഖേനയോ ടി നിയമപ്രകാരമുള്ള ക്ലെയിം അധികാരി മുൻപാകെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നതിനും നിയമത്തിൽ വ്യവസ്ഥയുണ്ട്. ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർ തങ്ങളുടെ quasi judiciary power പ്രകാരം hearing നടത്തി ക്ലെയിം കേസുകൾ തീർപ്പാക്കി വരുന്നുണ്ട്. സ.ഉ (പി) നം. 35/2017/LBR തീയതി 09.05.2017 പ്രകാരം പെയ്മെന്റ് ഓഫ് വേജസ് ആക്ടിൽ ഉൾപ്പെട്ട 39 തൊഴിൽ മേഖലകളിലും സ.ഉ (പി) നം. 84/2015/LBR തീയതി 08.07.2015 പ്രകാരം മിനിമം വേതന നിയമത്തിൽ ഉൾപ്പെട്ട 6 തൊഴിൽ മേഖലകളിലും വേജ് പ്രൊട്ടക്ഷൻ സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന ജനനി ഭവന പദ്ധതിയുടെ പുരോഗതി വിശദീകരിക്കുമോ; | (സി) | **<u>ലേബർ കമ്മീഷണറേറ്റ്</u>**<br><br>അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും കുറഞ്ഞ വേതനക്കാർക്കും താങ്ങാവുന്ന വിലയിൽ വീട് നൽകുക എന്നതാണ് ജനനി പദ്ധതി ലക്ഷ്യമിടുന്നത്. അസംഘടിതരായ ദരിദ്ര നഗര തൊഴിലാളികൾക്കും കുറഞ്ഞ വേതനക്കാർക്കും നല്ല നിലവാരമുള്ള താങ്ങാനാവുന്ന ഭവനങ്ങൾ ജനനി പദ്ധതി മുഖേന നൽകുന്നു.<br><br>1. <u>ജനനി പദ്ധതി - അടിമാലി</u><br><br>ഇടുക്കി ജില്ലയിലെ അടിമാലിയിൽ ജനനി പദ്ധതിയ്ക്ക് കീഴിൽ 24.45 കോടി രൂപ ചിലവിൽ 217 യൂണിറ്റുകളുള്ള അപ്പാർട്ട്മെന്റ് സമുച്ചയത്തിന്റെ നിർമ്മാണം ഭവനം ഫൗണ്ടേഷൻ പൂർത്തിയാക്കി. 2019 ൽ ലൈഫ് മിഷൻ കേരള വഴി അടിമാലി ഗ്രാമപഞ്ചായത്തിന് കൈമാറി.<br><br>2. <u>ജനനി പദ്ധതി - പോഞ്ഞാശ്ശേരി</u><br><br>എറണാകുളം ജില്ലയിലെ പെരുമ്പാവൂർ പോഞ്ഞാശ്ശേരിയിൽ ജനനി പദ്ധതിയ്ക്ക് കീഴിൽ വാങ്ങിയ ഭൂമിയിൽ 2021 ൽ 74 അപ്പാർട്ട്മെന്റ് സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയായി. ഈ അപ്പാർട്ട്മെന്റുകൾ ഗുണഭോക്താക്കൾക്ക് വിൽക്കാനുള്ള പ്രക്രിയ പുരോഗമിക്കുകയാണ്. |
| (ഡി) | തൊഴിലാളികളുടെ സാമൂഹിക സുരക്ഷയും കുട്ടികളുടെ മെച്ചപ്പെട്ട വിദ്യാഭ്യാസവും ഉറപ്പാക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ; | (ഡി) | സംസ്ഥാനത്തെ വിവിധ മേഖലകളിൽ ജോലിയെടുക്കുന്ന തൊഴിലാളികൾക്ക അവരുടെ ആശ്രിതർക്കും സാമൂഹികസുരക്ഷ ഉറപ്പാക്കുന്നതിനായി തൊഴിൽ വകുപ്പിന്റെ കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ |

പ്രവർത്തിച്ചു വരുന്നു. ടി ബോർഡുകളിൽ നിന്നും തൊഴിലാളികൾക്ക് പെൻഷൻ അവശത പെൻഷൻ, മരണാനന്തര ധനസഹായം, വിവാഹ ധനസഹായം ചികിത്സാ ധനസഹായം എന്നിങ്ങനെ വിവിധങ്ങളായ ആനുകൂല്യങ്ങൾ നൽകി വരുന്നു. അതോടൊപ്പം കുട്ടികളുടെ മെച്ചപ്പെട്ട വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് വിവിധ ബോർഡുകളിൽ നിന്നും നടപ്പാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ പി.എഫ് അക്കൗണ്ടിൽ നീക്കിയിരുപ്പുള്ള തുകയുടെ 75 ശതമാനം വരെ വായ്പയായി അനുവദിക്കുന്നു. കൂടാതെ ബോർഡിൽ നിന്നും സ്കോളർഷിപ്പ് (വിദ്യാഭ്യാസം, കല-കായിക-ശാസ്ത്രം) നൽകി വരുന്നു.

2. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ/ഉന്നത വിദ്യാഭ്യാസ ധനസഹായം നൽകി വരുന്നു.

3. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും കുട്ടികളുടെ മെച്ചപ്പെട്ട വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിനു വേണ്ടി എസ്.എസ്.എൽ.സി സ്കോളർഷിപ്പ്, ഉന്നതവിദ്യാഭ്യാസത്തിനുള്ള ധനസഹായം, ഡിഗ്രി, പോസ്റ്റ് ഗ്രാജ്വേഷൻ, സിവിൽ സർവ്വീസ് തുടങ്ങിയവയിൽ ഉന്നത വിജയം നേടിയവർക്ക് പ്രത്യേക സ്കോളർഷിപ്പ് എന്നിങ്ങനെ അനുവദിച്ചു നൽകിയിട്ടുണ്ട്.

4. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിലെ അംഗ തൊഴിലാളികളുടെ

കുട്ടികളുടെ മെച്ചപ്പെട്ട വിദ്യാഭ്യാസം ഉറപ്പിലാക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ ധനസഹായം - 1000/- രൂപ മുതൽ 3000/- രൂപ വരെ

എസ്.എസ്.എൽ.സി ക്യാഷ് അവാർഡ് - 3000/- രൂപ

എസ്.എസ്.എൽ.സി പഠന സഹായം - 1000/- രൂപ

മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗ് ധനസഹായം - 5000/- രൂപ

<u>5. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്</u>

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി സ്കോളർഷിപ്പ് ഇനത്തിൽ 1000/- രൂപ മുതൽ പരമാവധി 5000/- രൂപ വരെയും ക്യാഷ് അവാർഡ് ഇനത്തിൽ 1500/- രൂപ മുതൽ പരമാവധി 5000/- രൂപ വരെയും നൽകി വരുന്നു.

<u>6. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്</u>

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കളുടെ ഹൈസ്കൂൾ തലം മുതൽ പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസത്തിന് ഗ്രാന്റ് നൽകുന്നു. നിലവിൽ ഓരോ അദ്ധ്യായന വർഷത്തിലും അനുവദിക്കാവുന്ന പരമാവധി തുകയായ 500/- രൂപ മുതൽ 5000/- രൂപ വരെ നൽകി വരുന്നു

<u>7. കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്</u>

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് അൺ അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികളുടെ സാമൂഹിക സുരക്ഷയും കുട്ടികളുടെ മെച്ചപ്പെട്ട വിദ്യാഭ്യാസവും ഉറപ്പാക്കുന്നതിന് താഴെ പറയുന്ന വിവിധ ആനുകൂല്യങ്ങൾ നൽകി വരുന്നു.

വിദ്യാഭ്യാസ ധനസഹായം

അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾ ഉള്ള തൊഴിലാളികൾക്ക് സ്കൂൾ തുറക്കുന്ന സമയത്ത് 1000/- രൂപ വീതം ധനസഹായം നൽകുന്നു.

പഠനോപകരണ ഗ്രാന്റ്

തൊഴിലാളികളുടെ 1 മുതൽ 5 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിന് 1000/- രൂപ വീതം സ്കൂൾ തുറക്കുന്ന സമയത്ത് നൽകി വരുന്നു.

അവാർഡ് ഓഫ് സ്കോളർഷിപ്പ് (പ്ലാൻ 1989)

അഞ്ചാം ക്ലാസ്സ് മുതൽ ബിരുദാനന്തര കോഴ്സുകൾ, പ്രൊഫഷണൽ കോഴ്സുകൾ എന്നിവ പാസ്സാകുന്ന തൊഴിലാളികളുടെ മക്കളായ കുട്ടികൾക്ക് 450/- രൂപ മുതൽ 10,000/- രൂപ വരെ നൽകി വരുന്നു.

പ്രതിമാസ സ്കോളർഷിപ്പ്

കമ്മിറ്റി/സബ് ഓഫീസ് തലത്തിൽ എസ്.എസ്.എൽ.സി.ക്ക് ഫുൾ A+ വാങ്ങി പാസ്സാകുന്ന തൊഴിലാളികളുടെ കുട്ടികൾക്ക് തുടർന്നുള്ള രണ്ടു വർഷം +1, +2 കോഴ്സിന് 400/- രൂപ വീതം പ്രതിമാസ സ്കോളർഷിപ്പ് നല്കുന്നു.

വിദ്യാഭ്യാസ വായ്പ

മെഡിസിൻ, എഞ്ചിനീയറിംഗ്, പോസ്റ്റ് ഗ്രാജുവേഷൻ വിഭാഗങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ഉള്ള തൊഴിലാളികൾക്ക് വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി 1,00,000/- രൂപ 6% പലിശയോടെ അനുവദിക്കുന്നു. പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന തൊഴിലാളികളുടെ മക്കൾക്ക് അനുവദിച്ച് വരുന്ന വിദ്യാഭ്യാസ വായ്പയിൽ നിശ്ചിത തുക പരിധിയിലുള്ള ലാപ് ടോപ്പ് വാങ്ങുന്നതിനും കൂടി നൽകുന്നതിനുള്ള അനുമതിയുണ്ട്.

ലാപ് ടോപ്പ്

MBBS, BDS, BAMS, BHMS, BVS, B.Tech, M.Tech കോഴ്സുകൾക്ക് സമ്പൂർണ്ണമായും സർക്കാർ കോളേജുകളിൽ

മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നേടിയ തൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ് അനുവദിച്ചു വരുന്നു.

SSLC, +2 ഫുൾ A+ നേടിയ കുട്ടികൾക്ക് പാരിതോഷികം

തൊഴിലാളികളുടെ മക്കളിൽ SSLC യ്ക്ക് ഫുൾ A+ വാങ്ങുന്ന കുട്ടികൾക്ക് 7500/- രൂപ വീതവു +2 വിന് ഫുൾ A+ വാങ്ങുന്ന കുട്ടികൾക്ക് 10,000/- രൂപ വീതവും വിതരണം നടത്തി വരുന്നു.

8. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളു മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകി വരുന്നു.

9. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്

കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ അംഗങ്ങളായ തൊഴിലാളികളു മക്കളുടെ മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനായി ഹൈസ്കൂൾ വിദ്യാഭ്യാസ ഗ്രാന്റ്, SSLC ക്യാഷ് അവാർഡ്, ഉന്നത വിദ്യാഭ്യാസ ഗ്രാന്റ്, ഐ.ടി.ഐ പരിശീലന പദ്ധതി, സിവിൽ സർവ്വീസ് പരിശീലന പദ്ധതി, മെഡിക്കൽ എഞ്ചിനീയറിംഗ് പരിശീലന പദ്ധതി, കമ്പ്യൂട്ടർ കോഴ്സ് പരിശീലന പദ്ധതി എന്നിവ നൽകി വരുന്നു.

10. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളു പഠന മികവ് പുലർത്തുന്ന മക്കൾക്ക് സ്കോളർഷിപ്പ്, സ്പെഷ്യൽ റിവാർഡ് എന്നിവയും ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ തീരുമാനത്തിന വിധേയമായി ലാപ്പ്ടോപ്പ്, സൗജന്യ പഠനോപകരണ കിറ്റ് എന്നിവയും അനുവദിച്ച് നൽകുന്നു.

11. കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതിപ്രകാരം ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അംഗങ്ങളുടെ മക്കൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസാനുകൂല്യം, ക്യാഷ് അവാർഡ് എന്നീ ആനുകൂല്യങ്ങളും ബോർഡിൽ നൽകി വരുന്നു.

12. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരളം ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് സ്കോളർഷിപ്പ് നൽകി വരുന്നു.

13. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ കുട്ടികളുടെ മെച്ചപ്പെട്ട വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി സ്കോളർഷിപ്പ്, ക്യാഷ് അവാർഡ് എന്നിവ ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും നൽകി വരുന്നുണ്ട്.

14. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്

ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കളിൽ, 8–ാം ക്ലാസ്സ് മുതൽ പ്രൊഫഷണൽ കോഴ്സ് വരെ സർക്കാർ/ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് 1000/- രൂപ മുതൽ 6000/- രൂപ വരെ സ്കോളർഷിപ്പ് നൽകി വരുന്നു.

ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കളിൽ SSLC ക്ക് സംസ്ഥാന അടിസ്ഥാനത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്ന കുട്ടികൾക്ക് സ്വർണ മെഡലും ക്യാഷ് അവാർഡുകളും നൽകി വരുന്നു.

ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കളിൽ SSLC ക്ക് ജില്ലാ അടിസ്ഥാനത്തിൽ ഒന്ന് രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്ന കുട്ടികൾക്ക് ക്യാഷ് അവാർഡുകൾ നൽകി വരുന്നു.

2026-27 അദ്ധ്യയന വർഷം മുതൽ 1 മുതൽ 7 ക്ലാസ്സുകളിൽ പഠിക്കുന്ന തൊഴിലാളികളുടെ മക്കൾക്ക് പഠന കിറ്റ് നൽകുന്നതിനുള്ള പദ്ധത ആരംഭിക്കുന്നതാണ്. കൂടാതെ ദേശീയ-സംസ്ഥാന തലങ്ങളിൽ മികവു തെളിയിച്ച, ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുവാൻ തീരുമാനിച്ചിട്ടുള്ളതാണ്.

<u>ലാപ്പ്ടോപ്പ് നൽകുന്ന പദ്ധതി</u>

സർക്കാർ/സർക്കാർ അംഗീകൃത കോളേജുകളിൽ MBBS, B-Tech, M-Tech, BAMS, BDS, BVSC & AH, M Arch, B Arch, PG Ayurveda, PG Homeo, BHMS, MD, MDS, MVSc & AH, MBA, MCA, MS, Bachelor of Siddha Medicine & Surgery, Bachelor of Unani Medicine & Surgery, BSC Agriculture (Honors), BSC Forestry (Honors), BSC Environmental Science & Climate Change (Honors), Bachelor of Fisheries Science (BFSc), BPharm എന്നീ കോഴ്സുകളിൽ കേരള/കേന്ദ്ര സർക്കാർ എൻട്രൻസ് മുഖേന പ്രവേശനം ലഭിക്കുന്ന ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് ലാപ്പ്ടോപ്പുകൾ നൽകി വരുന്നു.

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ ആശ്രിതർക്കായി കിലെ സർവ്വീസ് അക്കാദമിയിൽ പഠനചെലവിനുള്ള കോഴ്സ് ഫീസായി നിശ്ചയിച്ചിട്ടുള്ള തുകയുടെ 50% തുക കേരള കള്ള് വ്യവസായക്ഷേമനിധി ബോർഡിന്റെ ഫണ്ടിൽ നിന്നും അനുവദിച്ച് നൽകി വരുന്നു.

<u>15. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്</u>

കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ അംഗങ്ങളായ

| | | | |
|---|---|---|---|
| | | | തൊഴിലാളികളുടെ മക്കൾക്ക് സ്കോളർഷിപ്പ്, എൽ.കെ.ജി/ഒന്നാം ക്ലാസ്സ് വിഭാഗത്തിൽ അഡ്മിഷനാകുന്ന കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം എന്നിവ നൽകി വരുന്നു. |
| (ഇ) | സർക്കാർ നിശ്ചയിച്ച പ്രകാരമുള്ള മിനിമം കൂലി നൽകാൻ ശേഷിയില്ലാത്ത തൊഴിലുടമകളെ സഹായിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഇ) | സർക്കാർ നിശ്ചയിച്ച പ്രകാരമുള്ള മിനിമം കൂലി നൽകാൻ ശേഷിയില്ലാത്ത തൊഴിലുടമകളെ സഹായിക്കുന്നതിന് പ്രത്യേക പദ്ധതിയൊന്നും തൊഴിൽ വകുപ്പ് മുഖേന നിലവിൽ രൂപീകരിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ